**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 520** **24-08-2022 - ൽ മറുപടിയ്ക്ക്**

**ആർട്ടിസാൻസ് വിഭാഗത്തിനുള്ള ക്ഷേമപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആർട്ടിസാൻസ് വിഭാഗത്തിന് ക്ഷേമപെൻഷനുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻസ് ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി എന്നീ പദ്ധതികൾ കൂട്ടിച്ചേർത്തുകൊണ്ട് 02.02.2016 -ലെ സ.ഉ(പി)നം.24/2016/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം രൂപം കൊണ്ട കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതി മുഖേന പെൻഷൻ നൽകി തുടങ്ങിയത് 2018 ആഗസ്റ്റ് മാസം മുതലാണ്. ആയതു മുതലുള്ള പെൻഷൻ സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി നൽകി വരുന്നുണ്ട്. 2020 സെപ്തംബർ മാസം മുതൽ അതാതുമാസം തന്നെ പെൻഷൻ നൽകുന്നുണ്ട്. 2022 ജൂൺ വരെയുള്ള പെൻഷൻ ഇതിനകം നൽകിയിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) | പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പദ്ധതികൾ തമ്മിൽ കൂട്ടിച്ചേർത്തപ്പോഴും സർക്കാർ മസ്റ്ററിംഗ് സമ്പ്രദായം, ലൈഫ് സർട്ടിഫിക്കറ്റ് തുടങ്ങിയവ ഏർപ്പെടുത്തിയപ്പോഴും ആയത് കൃത്യമായി നടപ്പിലാക്കാൻ കഴിയാത്ത പെൻഷണർമാർക്ക് കുടിശ്ശിക ഇനത്തിൽ പെൻഷൻ അനുവദിക്കേണ്ടതായുണ്ട്. ടി തുക കുടിശ്ശിക ഇനത്തിലുള്ള പെൻഷനായി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരിൽ നിന്നും ഗുണഭോക്താക്കളിൽ നിന്നും ആയതിന്റെ വിവരങ്ങൾ ക്ഷേമനിധി ബോർഡ് ശേഖരിച്ചു വരുന്നുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബോർഡിന്റെ ഉചിത തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ